(ബി, സി) എല്ലാ മാവേലിസ്റ്റോറുകളും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

(ഡി) കണക്ക് ആഡിറ്റുചെയ്തു തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും 1985–86-ൽ മൊത്തത്തിലുള്ള നഷ്ടം 60 ലക്ഷം ഉറുപ്പികയോളം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

പിറവത്ത് ഒരു മാവേലിസ്റ്റോർ

496 [551] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്ത് ഒരു മാവേലിസ്റ്റോർ തുടങ്ങണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്ത് നടപടികളാണ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മാവേലിസ്റ്റോറുകളും വേണമെന്ന് പല സ്ഥലങ്ങളിൽനിന്നും ആവശ്യപ്പെടാറുണ്ടെങ്കിലും സാമ്പത്തിക ബാദ്ധ്യത കാരണം പുതിയ മാവേലിസ്റ്റോറുകളും അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

മാവേലിസ്റ്റോറുകളും ഓണം, പെരുന്നാൾ, ക്രിസ്തുമസ് ചന്തകളും നടത്തിയ വകയിൽ ലാഭം

497 [552] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിസ്റ്റോറുകളും ഓണം, പെരുന്നാൾ, ക്രിസ്തുമസ് എന്നിവയോടനുബന്ധിച്ചുള്ള ചന്തകളും—ഇവ നടത്തിയ വകയിൽ 1986 മാർച്ച് 31 വരെ ലഭിച്ച ലാഭം എത്ര;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാഭം ഒന്നും ലഭിച്ചിട്ടില്ല; അവ നഷ്ടത്തിലായിരുന്നു.

(ബി) നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ പറയും വിധമാണ്.

1. മാവേലിസ്റ്റോറുകൾ:

1984–85—40 ലക്ഷം രൂപ.
1985–86—60 ലക്ഷം രൂപ.

2. ഓണം, പെരുന്നാൾ ചന്തകൾ:

1984–85—15,64,226 രൂപ.
1985–86—31,30,242 രൂപ.

LIBRARY ARCHIVES Kerala Legislative Assembly